എസ്. സുരേഷ് ബാബു ,,
എൽ. നടരാജൻ ഐ.എ.എസ്. ,,
ഡോ. പി. ഗീത ,,
ഡോ. ഡി. ബാബുപോൾ ഐ.എ.എസ്. ,,
ശ്രീമതി കെ.വി. ശ്രീദേവി ,,
(ജോയിന്റ് സെക്രട്ടറി - കൾച്ചർ)
ബി. രവീന്ദ്രൻ (സെക്രട്ടറി) ,,
എന്നിവരായിരുന്നു.

(ബി) അക്കാദമിയുടെ ഭരണ സമിതിയിൽ നിന്നും ഒരാൾ രാജിവച്ചിട്ടുണ്ട്.

(സി) ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് എം.എൽ.എ. ആണ് രാജി വച്ചത്.

(ഡി) വ്യക്തിപരമായ കാരണങ്ങളാലാണ് രാജി വച്ചത്.

25 (439) സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ച് 1997-98 ലെ സംസ്ഥാന ബഡ്ജറ്റിൽ 10 ലക്ഷം രൂപ വക കൊള്ളിച്ചിരുന്നിട്ടും പദ്ധതി നടപ്പിലാക്കുകയോ നടപ്പിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പെൻഷൻ പദ്ധതി പൂർവകാല പ്രാബല്യത്തോടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

26 (440) സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സാംസ്ക്കാരിക സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സർക്കാർ ജീവനക്കാർക്ക് നൽകുന്ന സർവീസ് ദൈർഘ്യാധിഷ്ഠിത ഡെത്ത്-കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയും പെൻഷനും സാംസ്ക്കാരിക

LIBRARY ARCHIVES Kerala Legislative Assembly

സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നൽകുവാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(സി) സാംസ്ക്കാരിക സ്വയംഭരണ സ്ഥാപനങ്ങളിലെ പെൻഷൻ കാരും ജീവനക്കാരും പെൻഷൻ ആനുകൂല്യങ്ങൾക്കായി നടത്തുന്ന സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമരം ഒത്തുതീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സാംസ്ക്കാരിക സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

27 (441) കായംകുളം കൊച്ചുണ്ണിക്ക് സ്മാരകം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കൊച്ചുണ്ണിയെ ആദരിക്കാൻ കോഴഞ്ചേരിക്കടുത്ത് ഒരു ദേവാലയം സ്ഥാപിച്ച് ആ നാട്ടുകാർ ആരാധന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ദേവാലയം ഏറ്റെടുക്കാൻ സാംസ്ക്കാരിക വകുപ്പ് നടപടികൾ സ്വീകരിക്കുമോ;

(സി) കായംകുളം കൊച്ചുണ്ണിക്ക് കായംകുളത്ത് ഒരു സ്മാരകം നിർമ്മിയ്ക്കാൻ സാംസ്ക്കാരിക വകുപ്പ് മുൻകൈ എടുക്കുമോ?

ഉത്തരം

(എ)&(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

(സി) തൽക്കാലം നിർവാഹമില്ല.

28 (442) കഥകളി ആചാര്യൻ ഗുരു ചേമഞ്ചേരി കുഞ്ഞിരാമൻ നായർക്ക് ഫെലോഷിപ്പ്

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസിദ്ധ കഥകളി ആചാര്യൻ ഗുരുചേമഞ്ചേരി കുഞ്ഞിരാമൻ നായർക്ക് സംഗീത നാടക അക്കാഡമി ഫെലോഷിപ്പ് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസിദ്ധനായ ഈ കലാകാരന് ഫെലോഷിപ്പ് നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇത് അക്കാദമിയാണ് പരിഗണിക്കേണ്ടത്. ഗവണ്മെന്റ് ഇത്തരം കാര്യങ്ങളിൽ കൈ കടത്താറില്ല.

1018/2010

LIBRARY ARCHIVES Kerala Legislative Assembly